പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1383 — 31.10.2019 -ൽ മറുപടിയ്ക്ക്

**താലൂക്ക് പുന:സംഘടന**

**ചോദ്യം**

ശ്രീ.ജി.എസ്.ജയലാൽ :

(എ) സംസ്ഥാനത്ത് താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ രൂപീകരിച്ച ടീമിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പഠന പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നതിനാൽ കളക്ടർമാരുടെ റിപ്പോർട്ട് പരിഗണിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ടീം പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**